# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2310** **8.03.2017-ൽ മറുപടിക്ക്**

കോതമംഗലം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. ആന്റണി ജോൺ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് എന്തെല്ലാം നടപടികളാണ് കെ. എസ്. ഇ. ബി. ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | 2017 മാർച്ച് മാസത്തോട്ടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. കോതമംഗലം നിയോജക മണ്ഡലത്തിൽ 464 വീടുകൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കേണ്ടതുണ്ട്. വിതരണ ശൃംഖല വിപുലീകരിക്കാൻ സാധ്യമാകാത്ത തേര, ഉരിയംപെട്ടി, തലവെച്ചപ്പാറ, കുഞ്ചിപ്പാറ, വാരിയം, കോട്ടകുത്ത്, കല്ലേലിമേട്, പേരുവേര തുടങ്ങിയ കോളനികളിൽ ഉൾപ്പെട്ട 366 വീടുകൾ വൈദ്യുതീകരിക്കുന്നതിനായി വികേന്ദ്രീകൃത വൈദ്യുതി ഉത്പാദനവും വിതരണവും എന്ന സംവിധാനം ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | 01.03.2017- ലെ കണക്കനുസരിച്ച് കോതമംഗലം മണ്ഡലത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 464 അപേക്ഷകരിൽ 321 പേർ വൈദ്യുതി കണക്ഷനായുള്ള അപേക്ഷ സമർപ്പിക്കുകയും 298 വീടുകൾക്ക് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇനിയും വയറിങ് പൂർത്തീകരിക്കാത്ത 131 വീടുകൾ ഉണ്ട്. |

**സെക്ഷൻ ഓഫീസർ**